MONDAY 24-04-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S.    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–24/04/2023.

1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കാർഷികബ്ലോക്ക് കൃഷി ദർശൻ പരിപാടി ഹരിപ്പാട് ഗവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നാളെ മുതൽ 29 വരെ (ഈ മാസം 25 മുതൽ 29 വരെ) നടക്കുന്നു. കൃഷി ശാസ്ത്രത്തിലെ പുത്തൻ അറിവുകളും സങ്കേതങ്ങളും പകർന്നു നൽകാൻ മൂല്യ വർദ്ധനവിലൂടെ ഓരോ കർഷകനേയും ഓരോ കർഷക സംരംഭകരാക്കുവാൻ "കൃഷി ദർശൻ" സഹായിക്കും. പ്രസ്തുത പരിപാടിയോടനുബന്ധിച്ചു കാർഷിക പ്രദർശനം, കാർഷിക വിജ്ഞാന വ്യാപനം, കാർഷികസെമിനാർ, കൃഷിയിട സന്ദർശനവും കർഷക അദാലത്ത്, കൃഷികൂട്ട സംഗമം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. കർഷകർക്ക് ബാങ്ക് വായ്പാർഹമായ തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ഡി പി ആർ ക്ലിനിക്കും കർഷകർക്ക് വിപണന സാധ്യതകൾ സുഗമമാക്കുന്നതിന്റെ ഭാഗമായി ബി2ബി മീറ്റും കൃഷിദർശനിലൂടെ സാധിക്കും. കാർഷിക പ്രദർശന ഉദ്ഘാടനം ഏപ്രിൽ 25ന് രാവിലെ 10 മണിക്ക് ഹരിപ്പാട് മുൻസിപ്പൽ ചെയർമാൻ കെ എം രാജുവിന്റെ അധ്യക്ഷതയിൽ ഹരിപ്പാട് എം എൽ എ രമേശ് ചെന്നിത്തല നിർവഹിക്കുന്നു. ബി പി കെ പി കിസാൻ മേളയുടെ ഉദ്ഘാടനം കുട്ടനാട് എം എൽ എ തോമസ് .കെ .തോമസ് നിർവഹിക്കും. പ്രസ്തുത പരിപാടിയുടെ സമാപന ദിവസം കൃഷികൂട്ടസംഗമം നടത്തപ്പെടുന്നു. തുടർന്നുള്ള പൊതുസമ്മേളനം ഹരിപ്പാട് എം.എൽ.എ രമേശ് ചെന്നിത്തല അവർകളുടെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കും.

2. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ അരുൺ ഇനത്തിൽപ്പെട്ട ചീര, ഇന്ദു ഇനത്തിൽപ്പെട്ട കുമ്പളം, സൽകീർത്തി ഇനത്തിൽപ്പെട്ട വെണ്ട, പൽപ്പിൾ ലോങ്ങ് ഇനത്തിൽപ്പെട്ട വഴുതന, ലോല ഇനത്തിൽപ്പെട്ട പയർ, സൗഭാഗ്യ, അരുണിമ എന്നീ ഇനങ്ങളിലുള്ള വെള്ളരി തുടങ്ങിയ പച്ചക്കറികളുടെ വിത്തുകൾ വിൽപനയ്ക്കായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ കേന്ദ്രത്തിൽ നേരിട്ട് എത്തുകയോ **8547891632** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴി ക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക്

ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം തയ്യാറാക്കിയ "രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള അടുത്ത ബാച്ച് 2023 മെയ് 2 ന് തുടങ്ങുന്നു. ഈ കോഴ്സിൽ അംഗത്വം നേടുന്നതിനായി 2023 മെയ് 1 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കോഴ്സിൻറെ ഭാഗമായി നടത്തുന്ന പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

**കാർഷിക നിർദ്ദേശങ്ങൾ**

5. ഇഞ്ചി നടുമ്പോൾ നേരത്തെ തയാറാക്കിയിട്ടുള്ള വാരങ്ങളിൽ 20 : 20 സെ.മി അകലത്തിൽ 4 മുതൽ 5 സെമി താഴ്ചയിൽ മുകളിലേക്ക് മുള വരത്തക്ക വിധം നടണം. വിത്തിഞ്ചികൾ നടുമ്പോൾ മാങ്കോസെബ് ലായിനിയിൽ (1 ഗ്രാം/ ലിറ്റർ വെള്ളത്തിൽ) മുക്കിവച്ചതിനുശേഷംനടുക. ഒരു സെന്റിന് 81 കിലോഗ്രാം സമ്പുഷ്ടീകരിച്ച ചാണകവും, 8 കിലോഗ്രാം വേപ്പിൻ പിണ്ണാക്കും, 4 കിലോഗ്രാം ചാരവും, 16 കിലോഗ്രാം മണ്ണിര കമ്പോസ്റ്റും അടിവളമായി ഇട്ടുകൊടുക്കേണ്ടതാണ്. കൂടാതെ 100 കിലോഗ്രാം രാജ്ഫോസ്, 175 കിലോഗ്രാം MOP എന്നിവയും അടിവളമായി നൽകേണ്ടതാണ്. ഒരു സെന്റിലേക്ക് 800 മുതൽ 1000 വരെ വിത്തിഞ്ചികൾ ആവശ്യമായി വരും. തടങ്ങളിൽ PGPR ഒഴിക്കുന്നത് വളർച്ച വർധിപ്പിക്കുന്നതിനും അഴുകൽ രോഗത്തെ ചെറുക്കുന്നതിനും സഹായിക്കും.